പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 7793 23-07-2012 - ൽ മറുപടിക്ക്

## നിയമ സഹായ ക്ലിനിക്കുകൾ

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ്
ശ്രീ. ബെന്നി ബഹനാൻ
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. സി.പി. മുഹമ്മദ്

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | നിയമ സഹായ ക്ലിനിക്കുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ടിന്റെ 12-ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന എട്ടോളം വരുന്ന പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് നീതി പീഠങ്ങളിൽ നിന്നും അകലെ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക്, തങ്ങളുടെ നിയമ പ്രശ്നങ്ങൾക്കുള്ള പരിഹാരവും നിയമോപദേശവും ഒരു പ്രാദേശിക സംവിധാനത്തിലൂടെ എളുപ്പത്തിൽ ലഭ്യമാക്കുക എന്നതാണ് ലീഗൽ എയ്ഡ് ക്ലിനിക്കുകളുടെ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | ഏതെല്ലാം സ്ഥാപനങ്ങളിൽ ഇപ്രകാരമുള്ള ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ അനുബന്ധസ്ഥാപനങ്ങളായ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ, സെൻട്രൽ ജയിൽ ഉൾപ്പെടെയുള്ള ജയിലുകൾ, ബ്ളോക്ക്, ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോടതികൾ, സന്നദ്ധ സംഘടനകൾ, മാനസികരോഗാശുപത്രി, ബുദ്ധി മാന്ദ്യമുള്ള സ്ത്രീകൾക്കായുള്ള സ്ഥാപനം എന്നിവയോടനുബന്ധിച്ച് സംസ്ഥാനമൊട്ടാകെ 214 നിയമ സഹായ ക്ളിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ നൽകുന്നു. |

<table>
<tr>
<td></td>
<td></td>
<td>
<table>
<tr><th>ജില്ല</th><th>എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>19</td></tr>
<tr><td>കൊല്ലം</td><td>4</td></tr>
<tr><td>പത്തനംതിട്ട</td><td>2</td></tr>
<tr><td>ആലപ്പുഴ</td><td>46</td></tr>
<tr><td>കോട്ടയം</td><td>9</td></tr>
<tr><td>ഇടുക്കി</td><td>28</td></tr>
<tr><td>എറണാകുളം</td><td>30</td></tr>
<tr><td>തൃശ്ശൂർ</td><td>6</td></tr>
<tr><td>പാലക്കാട്</td><td>16</td></tr>
<tr><td>മലപ്പുറം</td><td>24</td></tr>
<tr><td>കോഴിക്കോട്</td><td>5</td></tr>
<tr><td>വയനാട്</td><td>16</td></tr>
<tr><td>കണ്ണൂർ</td><td>4</td></tr>
<tr><td>കാസർഗോഡ്</td><td>5</td></tr>
<tr><td>ആകെ</td><td>214</td></tr>
</table>
ഇവയിൽ 26 നിയമ സഹായ ക്ളിനിക്കുകൾ സംസ്ഥാനത്തെ വിവിധ ജയിലുകളിലും 112 നിയമ സഹായ ക്ലിനിക്കുകൾ വിവിധ ഗ്രാമ പഞ്ചായത്തുകളിലും 32 നിയമസഹായ ക്ലിനിക്കുകൾ വിവിധ ബ്ളോക്ക് പഞ്ചായ ത്തുകളിലും 5 നിയമ സഹായ ക്ളിനിക്കുകൾ വിവിധ മുനിസിപ്പാലിറ്റി കളിലുമായി പ്രവർത്തിച്ചുവരുന്നു.
</td>
</tr>
<tr>
<td>(സി)</td>
<td>ഗ്രാമ പഞ്ചായത്ത അടിസ്ഥാനത്തിൽ നിയമ സഹായ ക്ളിനിക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;</td>
<td>ഗ്രാമ പഞ്ചായത്ത അടിസ്ഥാനത്തിൽ നിയമ സഹായ ക്ളിനിക്കുകൾ അരംഭിച്ചിട്ടുണ്ട്. 112 നിയമ സഹായ ക്ളിനിക്കുകൾ വിവിധ ഗ്രാമ പഞ്ചായത്തുകളിലായി പ്രവർത്തിച്ചുവരുന്നു.</td>
</tr>
</table>

| | | |
|---|---|---|
| ഡി. | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | നിലവിൽ നിയമ സഹായ ക്ളിനിക്കുകൾ പ്രവർത്തിക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്കു പുറമേ മറ്റ് ഗ്രാമ പഞ്ചായത്തുകളിലും നിയമ സഹായ ക്ളിനിക്കുകൾ അരംഭിക്കുന്നതിന് പഞ്ചായത്ത് അധികൃതരുമായി അലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**